**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3558 — 20.06.2018 ൽ മറുപടിക്ക്

## കോഴിക്കോട് മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ഡോ.എം. കെ. മുനീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് നിയോജക മണ്ഡലത്തിലെ ജനറൽ ആശുപത്രി, കോഴിക്കോട് താലൂക്ക് ആസ്ഥാന ആശുപത്രി ഫറൂക്ക്, താലൂക്കാശുപത്രി കുറ്റ്യാടി, താലൂക്ക് ആശുപത്രി ബാലുശ്ശേരി എന്നീ ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പുതിയ ബ്ലോക്ക്, ഫ്രണ്ട്കോർട്ട്, ഒ.പി.ട്രാൻസ്ഫർമേഷൻ മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. KHRWS മുഖേന ICU വിനു വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി അതിനുള്ള ടെന്റർ നടപടിയും, KMSCL വഴി കാത്ത് ലാബ് പ്രവർത്തനങ്ങൾക്കായുള്ള ടെന്റർ നടപടിയും പുരോഗമിച്ചു വരുന്നു.<br><br>22.04.2017 ലെ ജി.ഒ.(പി.) നം.58/2017/ആ.ക.വ പ്രകാരം കോഴിക്കോട് നിയോജക മണ്ഡലത്തിലെ ജനറൽ ആശുപത്രിയെ ജില്ലാ തല ആശുപത്രി വിഭാഗത്തിൽ ഉൾപ്പെടുത്തി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.<br><br>തസ്തികയുടെ എണ്ണം.<br>1. ഫോറൻസിക് സർജൻ — 1<br>2. റേഡിയോ ഡയഗ്നോസിസ് (ജൂനിയർ കൺസൾട്ടന്റ്) — 1<br>3. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ — 2<br>4. ഡയാലിസിസ് ടെക്നീഷ്യൻ — 3<br>5. എക്സ്റേ അറ്റൻഡർ — 1<br>6. മെഡിക്കൽ റെക്കോർഡ് അറ്റൻഡർ — 1<br>7. ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ — 1 |
| (ബി) | കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം എത്ര തസ്തികകൾ നാളിതുവരെ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ആർദ്രം പദ്ധതി പ്രകാരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ